2. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും The Kerala Epidemic Diseases Ordinance, 2020 (2020-ലെ 18) 2020 മാർച്ച് 26-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2020 മാർച്ച് 27-ാം തീയതിയിലെ 998-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

3. എന്നാൽ 2020-ലെ Kerala Epidemic Diseases Ordinance (2020-ലെ 18) പ്രകാരം എടുത്തിട്ടുള്ള കേസുകൾ രാജിയാക്കുന്നതിന് പ്രസ്തുത ഓർഡിനൻസിൽ വ്യവസ്ഥ ചെയ്തിട്ടില്ലായിരുന്നതിനാൽ അപ്രകാരമുള്ള കേസുകൾ രാജിയാക്കുന്നതിലേയ്ക്കായി പ്രസ്തുത ഓർഡിനൻസിൽ ഭേദഗതി വരുത്തിക്കൊണ്ട് 2020-ലെ Kerala Epidemic Diseases (Amendment) Ordinance (2020-ലെ 38) 2020 ജൂലൈ 3-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2020 ജൂലൈ 4-ാം തീയതിയിലെ 1662-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

4. പ്രസ്തുത ഓർഡിനൻസുകൾക്ക് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനു വേണ്ടിയുള്ള ബിൽ 2020 ആഗസ്റ്റ് 24-ാം തീയതി ആരംഭിച്ച് അന്നേ ദിവസം തന്നെ അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ കഴിയാത്തതിനാൽ ഓർഡിനൻസുകളിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി രണ്ടു ഓർഡിനൻസുകളിലും ഉള്ള എല്ലാ വ്യവസ്ഥകളും സംയോജിപ്പിച്ചു കൊണ്ടു The Kerala Epidemic Diseases Ordinance, 2020 (2020-ലെ 57) 2020 സെപ്റ്റംബർ 26 ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2020 സെപ്റ്റംബർ 28-ാം തീയതിയിലെ 2193-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

5. പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് വേണ്ടിയുള്ള ഒരു ബിൽ 2020 ഡിസംബർ 31-ാം തീയതി ആരംഭിച്ച് അന്നേ ദിവസം അവസാനിച്ചതും 2021 ജനുവരി 8-ാം തീയതി ആരംഭിച്ച് 2021 ജനുവരി 22-ാം തീയതി അവസാനിച്ചതുമായ കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ കഴിഞ്ഞിരുന്നില്ല.

6. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി The Kerala Epidemic Diseases Ordinance, 2021, 2021 ഫെബ്രുവരി 9-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2021 ഫെബ്രുവരി 10-ാം തീയതിയിലെ 652-ാം നമ്പർ അസാധാരണ ഗസറ്റിൽ 2021-ലെ 22-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

7. 2021-ലെ 22-ാം നമ്പർ ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

സംസ്ഥാനത്താകമാനമോ അല്ലെങ്കിൽ പ്രത്യേക ഭാഗത്തേയ്ക്കോ ഭാഗങ്ങളിലേയ്ക്കോ ഏതൊരു രോഗത്തെയും സാംക്രമികരോഗം എന്ന് നിശ്ചയിച്ചുകൊണ്ട് ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കാൻ ബില്ലിലെ 3-ാം ഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

2. സംസ്ഥാനത്തോ അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും ഭാഗത്തോ ഏതെങ്കിലും സാംക്രമികരോഗം പിടിപെടുന്നോ അല്ലെങ്കിൽ പൊട്ടിപ്പുറപ്പെടുമെന്ന് ഭീഷണിയുള്ളതായോ, എപ്പോൾ ബോദ്ധ്യപ്പെട്ടാലും, ആ ആവശ്യത്തിലേയ്ക്ക് അനിവാര്യമായി അത് കരുതുന്ന അത്തരത്തിലുള്ള നടപടികൾ എടുക്കുന്നതിനും ഔദ്യോഗിക ഗസറ്റിലെ വിജ്ഞാപനം വഴി അത്തരം രോഗങ്ങൾ പൊട്ടിപ്പുറപ്പെടുന്നത് തടയുന്നതിനും വേണ്ട നടപടികൾ എടുക്കുന്നതിലേയ്ക്കു ആവശ്യമായ റെഗുലേഷനുകളോ ഉത്തരവുകളോ വിനിർദ്ദേശിക്കാനും അത്തരം റെഗുലേഷനുകളിലും ഉത്തരവുകളിലും വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള അധികാരങ്ങളും കർത്തവ്യങ്ങളും വിനിയോഗിക്കാൻ ജില്ലാ കളക്ടറോട് ആവശ്യപ്പെടുകയോ അധികാരപ്പെടുത്തുകയോ ചെയ്യുന്നതിനും ബില്ലിലെ 4-ാം ഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

3. ഗസറ്റ് വിജ്ഞാപനം വഴി, ആക്ടിന്റെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിനായി പിൽക്കാല പ്രാബല്യത്തോടെയോ മുൻകാല പ്രാബല്യത്തോടെയോ ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് ബില്ലിലെ 12-ാം ഖണ്ഡം 1-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

4. ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ വിജ്ഞാപനങ്ങളോ ഉത്തരവുകളോ പുറപ്പെടുവിക്കേണ്ടത് അല്ലെങ്കിൽ ചട്ടങ്ങളോ റെഗുലേഷനുകളോ ഉണ്ടാക്കേണ്ടത്, അവ നടപടിക്രമം സംബന്ധിച്ചുള്ളതും സാധാരണവും ഭരണപരവും ആയ സ്വഭാവത്തോടു കൂടിയതുമാണ്. കൂടാതെ, ചട്ടങ്ങൾ സംബന്ധിച്ച വിഷയങ്ങൾ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം, അതിനാൽ സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

വീണാ ജോർജ്ജ്.